സംസ്ഥാന വഖഫ് ബോർഡിലേക്ക് ചീഫ് എക്സീക്യൂട്ടീവ് ആഫീസർ നിയമനം

57 (1354) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ആഫീസർ/ സെക്രട്ടറി തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിന് ഇന്റർവ്യൂ നടത്തിയിരുന്നുവോ ; എങ്കിൽ ഒന്നാം റാങ്ക് ആർക്കാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) ഇന്റർവ്യൂ ബോർഡിന്റെ സാധുതയെ ചോദ്യം ചെയ്ത് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പരാതി എന്തായിരുന്നു ;

(ഡി) പരാതിയിൻമേൽ നിയമവകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായോ ; എങ്കിൽ നിയമവകുപ്പിന്റെ അഭിപ്രായം എന്തായിരുന്നു എന്ന് വെളിപ്പെടുത്താമോ ;

(ഇ) നിയമ വകുപ്പിന്റെ അഭിപ്രായം അനുസരിച്ച് നിയമനം നടത്തുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഇ) ഇന്റർവ്യൂ നടത്തി ; ഇന്റർവ്യൂ ബോർഡിന്റെ ഘടനയെപ്പറ്റി ഒരു പരാതി ലഭിച്ചിരുന്നു. നിയമ വകുപ്പിന്റെ ഉപദേശംകൂടി അറിഞ്ഞശേഷം അത് പരിശോധിച്ചു വരുന്നതേയുള്ളു.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

ബാറ്ററി വാങ്ങുന്നതിന് ചെലവായ തുക

58 (1284) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. സുധാകരൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-98, 1998-99, 1999-2000 വർഷങ്ങളിൽ സർക്കാർ വാഹനങ്ങൾക്കായി ബാറ്ററി വാങ്ങുന്നതിന് എന്തു തുക ചെലവഴിച്ചു ;

(ബി) ഏത് കമ്പനിയുടെ ബാറ്ററികളാണ് ഈ വർഷങ്ങളിൽ വാങ്ങിയത് ;

(സി) ഇതിനുവേണ്ടി ക്വട്ടേഷനുകൾ ക്ഷണിച്ചിരുന്നുവോ ; എങ്കിൽ ഏതെല്ലാം കമ്പനികൾ ക്വട്ടേഷൻ നൽകിയിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ക്വട്ടേഷൻ സമർപ്പിച്ച "സെൽക്കോ" എന്ന കമ്പനിയുടെ ബാറ്ററികൾ ഗുണനിലവാരമുള്ളതല്ലെന്ന കാരണത്താൽ അവരുടെ ക്വട്ടേഷൻ ആദ്യം നിരാകരിച്ചുവോ ;

(ഇ) ഇവർ ക്വാട്ടു ചെയ്തെങ്കിലും 15% തുക വർദ്ധിപ്പിച്ച ക്വട്ടേഷൻ അവർക്ക് നൽകുകയുണ്ടായോ ; എങ്കിൽ എന്തുകൊണ്ടാണെന്നു അറിയിക്കുമോ ;

(എഫ്) ഈ ഇടപാടിൽ 4 കോടിയുടെ നഷ്ടമുണ്ടായതായി വിജിലൻസ് കണ്ടെത്തുകയുണ്ടായോ ;

(ജി) ഈ ഇടപാടിൽ അഴിമതി നടന്നതായ ആരോപണമുണ്ടായിട്ടുണ്ടോ ;

(എച്ച്) എങ്കിൽ അഴിമതി നടത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഐ) ഒരു നടപടിയും സ്വീകരിക്കാത്തപക്ഷം കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം കൃത്യമായി ശേഖരിച്ചു തരുന്നതാണ്.

(ബി) 21-4-1997 മുതൽ 3-11-1998 വരെയും 28-4-99 മുതൽ 27-4-2000 വരെയും റേറ്റ് കോൺട്രാക്ട് നൽകിയിരുന്ന സെൽക്കോ ഇൻഡസ്ട്രീസ്, കൊടുങ്ങല്ലൂർ എന്നീ സ്ഥാപനത്തിന്റെ ബാറ്ററികളാണ് റേറ്റ് കോൺട്രാക്ട് പ്രകാരം വാങ്ങിയിട്ടുള്ളത്.

(സി-ഐ) എം.റ്റി. ബാറ്ററിക്ക് റേറ്റ് കോൺട്രാക്ട് നൽകുന്നത് ടെണ്ടർ വിളിച്ചാണ്. ചിലപ്പോൾ ടെണ്ടറുകൾ പരിശോധിച്ച് തീരുമാനമാകാൻ കാലതാമസം ഉണ്ടാകുമ്പോൾ മുൻ റേറ്റ് കോൺട്രാക്ട് തൽക്കാലത്തേക്ക് നീട്ടിക്കൊടുക്കാറുണ്ട്. 1998-99 മുതൽ 1999-2000 വരെയുള്ള എം.റ്റി. ബാറ്ററിയുടെ റേറ്റ് കോൺട്രാക്ട് സംബന്ധിച്ച് ലോകായുക്തയിൽ ലഭിച്ച പരാതി സംബന്ധിച്ച അന്വേഷണത്തിനും അനന്തര നടപടികൾക്കുമായി ബന്ധപ്പെട്ട രേഖകൾ വിജിലൻസ് ഡയറക്ടർ വഴി ലോകായുക്തയിൽ നൽകിയിരിക്കുകയാണ്. പ്രസ്തുത കേസ് ഇപ്പോഴും തീർപ്പായിട്ടില്ല. രേഖകൾ തിരിച്ച് ലഭിച്ചാലേ ചോദ്യങ്ങൾക്ക് പൂർണ്ണമായ മറുപടി നൽകാനാകുകയുള്ളൂ.

വിൽപ്പന നികുതി വരവ്

59 (1290) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ സാമ്പത്തിക വർഷവും കിട്ടിയിട്ടുള്ള വിൽപ്പന നികുതി വരവ് എത്രയാണ് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly